**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1493** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാല നിയമഭേദഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളിൽ യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കാമെന്ന് സംസ്ഥാന സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല. സർവ്വകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കുന്നതിനും, യുജിസി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് വൈസ് ചാൻസലർ നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** കേരള നിയമസഭ പാസ്സാക്കിയ ആക്ടുമായി താരതമ്യം ചെയ്യുമ്പോൾ യു.ജി.സി. പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കുള്ള നിയമസാധുത എത്രത്തോളമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പൊതു സർവകലാശാലകൾ പ്രവർത്തിക്കുന്നത് അതാത് സർവകലാശാല ആക്ടുകൾ, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ്.

കാലാകാലങ്ങളിൽ യു.ജി.സി. പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾക്കും ചട്ടങ്ങൾക്കും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളും സർക്കാരും, ആക്ടിലും സ്റ്റാറ്റ്യൂട്ടിലും ആവശ്യമായ ഭേദഗതികൾ വരുത്തി നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**